ഫോൺ: 0471 2557227 (ഓഫീസ്)
ഇ-മെയിൽ: registrar.ksmc@kerala.gov.in
www.medicalcouncil.kerala.gov.in

ഭരണഭാഷ-മാതൃഭാഷ

# കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്

റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം, കേരള-695035

**നം: C6-21779/2024/MC/FMG** **തീയതി : 19/12/2024**

## സർക്കുലർ

### മോഡേൺ മെഡിസിൻ ബിരുദധാരികളുടെ ഇന്റേൺഷിപ്പ് സംബന്ധിച്ച്

ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നവരെ സംബന്ധിച്ചുള്ള നിലവിലെ 24/01/2020 തീയതിയിലെ സി1-5286/2018/എം.സി നമ്പർ സർക്കുലറിൽ പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഭേദഗതികൾ വരുത്താൻ 19/09/2024 തീയതിയിൽ കൂടിയ മോഡേൺ മെഡിസിൻ കൗൺസിൽ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനങ്ങൾ ചുവടെപ്പറയുന്നു. (18/11/2021 തീയതിലെ CMRI regulation-നും NMC തീരുമാനത്തിനും വിധേയമായി മാത്രം)

1. നിലവിൽ എം.ബി.ബി.എസ് പഠനം കഴിഞ്ഞ അപേക്ഷകർക്ക് കേരളത്തിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനായി നൽകുന്ന ഒന്നാം താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി 1 വർഷമാണ്. ഇതിൽ കൗൺസിൽ തീരുമാന പ്രകാരം 3 മാസം കൂടി ഇളവ് നൽകുന്നു. ഈ ആനുകൂല്യം ഒന്നാം പ്രൊവിഷണൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി ഒരു വർഷം കഴിഞ്ഞ് 3 മാസത്തിനുള്ളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നവർക്ക് മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

2. ഒന്നാം താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധിക്കുള്ളിൽ (1 വർഷവും 3 മാസവും) ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ സാധിക്കാത്തവർ, ഒന്നാം താത്കാലിക രജിസ്ട്രേഷൻ തീയതി മുതൽ ഒരു വർഷം കഴിഞ്ഞ് 6 മാസം വരെ ഇൻറ്റേൺഷിപ്പ് പൂർത്തിയാക്കാൻ വൈകുന്നുവെങ്കിൽ;
   a) ഒന്നാം താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ രണ്ടാം താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടുന്നതിനായി അപേക്ഷിച്ചാൽ പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്ത്, 1000/- രൂപ ഫീസ്, മെഡിക്കൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ 5000/- രൂപ പിഴ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

b) ഒന്നാം താൽക്കാലിക രജിസ്ട്രേഷൻ തീയതി മുതൽ 1 വർഷത്തിന് ശേഷമാണ് രണ്ടാം താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടുന്നതിനായി അപേക്ഷിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്ത്, 2000/- രൂപ ഫീസ്, മെഡിക്കൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ 5000/- രൂപ പിഴ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

3. ഒന്നാം താൽക്കാലിക സർട്ടിഫിക്കറ്റിന്റെ രജിസ്ട്രേഷൻ തീയതി മുതൽ 1 വർഷം കഴിഞ്ഞ് 6 മാസം മുതൽ 2 വർഷം വരെ ആണ് ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ വൈകുന്നു എങ്കിൽ പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്തും, 2000/- രൂപ ഫീസും, 5000/- രൂപ പിഴയും അപേക്ഷയോടൊപ്പം ഹാജരാക്കണം.

4. ഒന്നാം താൽക്കാലിക സർട്ടിഫിക്കറ്റിന്റെ രജിസ്ട്രേഷൻ തീയതി മുതൽ 2 വർഷം കഴിഞ്ഞാണ് ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നു എങ്കിൽ കൗൺസിൽ തീരുമാനപ്രകാരം പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്തും, 2000/- രൂപ ഫീസും, 5000/- രൂപ പിഴയും ഒടുക്കി 3rd Provisional Certificate- ന് അപേക്ഷിക്കണം (24/03/2023 തീയതിയിലെ കൗൺസിൽ തീരുമാനപ്രകാരം)

5. ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ 3rd Provisional Certificate- ന്റെ കാലാവധിയായ 1 വർഷം കഴിഞ്ഞാൽ പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്തും, 2000/- രൂപ ഫീസും, 10000/- രൂപ പിഴയും ഒടുക്കി 4th Provisional Certificate-ന് അപേക്ഷിക്കണം. (12/04/2023 തീയതിയിലെ കൗൺസിൽ തീരുമാനപ്രകാരം)

**മേൽ സാഹചര്യത്തിൽ കേരളത്തിനകത്ത് മെഡിക്കൽ പഠനം കഴിഞ്ഞ അപേക്ഷകർക്കും വിദേശത്ത് മെഡിക്കൽ പഠനം കഴിഞ്ഞ അപേക്ഷകർക്കും ഈ കൗൺസിൽ നിന്ന് നൽകുന്ന ഒന്നാം താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി രജിസ്ട്രേഷൻ തീയതി മുതൽ 1 വർഷവും 3 മാസവും / 2 വർഷവും 3 മാസവും ആക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ഈ തീരുമാനത്തിന് 19/09/2024 തീയതി മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതാണ്.**

KERALA STATE MEDICAL COUNCILS
RED CROSS ROAD
THIRUVANANTHAPURAM
695 035
KERALA, INDIA

**രജിസ്ട്രാർ**

**പകർപ്പ്** :- വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്